എഫ്2/107864/2015
പോലീസ് ആസ്ഥാനം,
കേരളം, തിരുവനന്തപുരം,
തീയതി 19 /08/2015

## സർക്കുലർ നം 32/15

വിഷയം ;- പോലീസ് വകുപ്പിലെ എക്സിക്യൂട്ടിവ്/ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ശംബള സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെ- സംബന്ധിച്ച്.

സൂചന ; 1) കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ലെ റൂൾ 89(3).
2) ഗവ.ഉത്തരവ് നമ്പർ ജിഒ (പി)87/96/ധന തീയതി 12/06/96.
3) ഗവ.സർക്കുലർ നമ്പർ 55/97/ധന തീയതി 5/7/97.
4) ഗവ.സർക്കുലർ നമ്പർ 10/98/ധന തീയതി 9/2/98.
5) ഗവ.സർക്കുലർ നമ്പർ 62/2004/ധന തീയതി 15/12/2004

പോലീസ് വകുപ്പിലെ ജീവനക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുത്തതിനുശേഷം തിരിച്ചടയ്ക്കുന്നതിൽ വീഴ്ചവരുത്തുകയും റിക്കവറി നോട്ടീസ് അയച്ചിട്ടും യഥാസമയം റിക്കവറി നടത്താതെയും വരുന്ന രീതി ധാരാളമായി ശ്രദ്ധയിപ്പെട്ടിരിക്കുന്നതിനാൽ ജീവനക്കാർക്ക് ശംബള സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും കുടിശ്ശിക പിരിച്ചു അടയ്ക്കുന്നതിനും താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

1) ജീവനക്കാർക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പയെടുക്കുന്നതിന് ഈടായി സാലറി സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആദായ വിതരണോദ്യോഗസ്ഥൻ ടിയാന് അർഹതപ്പെട്ട ശംബള പരിധിയ്ക്കുള്ളിൽ (അറ്റ ശംബളം) നിന്നും തിരിച്ചടയ്ക്കാൻ പ്രാപ്തിയുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതു പോലെ പെൻഷൻ പറ്റി പിരിയുന്നതിനുമുൻപ് വായ്പ തിരിച്ചടച്ച് തീർക്കാൻ സർവീസ് കാലാവധിയുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

2) പല യൂണിറ്റുകളിലും പോലീസ് ഉദ്യോഗസ്ഥർക്ക് ശംബള സർട്ടിഫിക്കറ്റ് അവരുടെ മേലുദ്യോഗസ്ഥരായ എസ് ഐ/ സി ഐ/ ഡി വൈ എസ് പി/ എ പി ഐ/ ആർ ഐ/ എ സി തുടങ്ങിയവർ ഒപ്പിട്ടു നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിയമാനുസരണം അതത് ഓഫീസുകളിലെ ആദായ വിതരണോദ്യോഗസ്ഥൻ മാത്രമെ സാലറി സർട്ടിഫിക്കറ്റ് നൽകുവാൻ നിയമം അനുശാസിക്കുന്നുള്ളൂ. ഇക്കാര്യം എല്ലാ യൂണിറ്റ് മേധാവികളും ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ശംബള സർട്ടിഫിക്കറ്റ് ഒപ്പിട്ടു നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വായ്പയെടുത്ത ആളോ ജാമ്യക്കാരനോ കുടിശ്ശിക വരുത്തുകയും ആ വിവരം ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ആദായ വിതരണോദ്യോഗസ്ഥനെ അറിയിക്കുകയും ചെയ്താൽ തൻമാസം മുതൽ തന്നെ ജാമ്യക്കാരന്റെയോ കുടിശ്ശികക്കാരന്റെയോ ശംബളത്തിൽ നിന്നും ടിയാൻമാർ പെൻഷൻപറ്റി പിരിയുന്നതിന് മുൻപ് കുടിശ്ശിക മുഴുവനും കർശനമായി ഈടാക്കി നൽകേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ആദായ വിതരണോദ്യോഗസ്ഥൻമാരുടെ പേരിൽ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

4) അർഹതപ്പെട്ട ശബളത്തിനെക്കാളും കൂടുതൽ റിക്കവറിയും കൂടാതെ ഒന്നിലധികം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശിക വരുത്തുകയും തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം വരുന്ന കേസുകളിൽ മേൽപടി ഉദ്യോഗസ്ഥരുടെ പേരിൽ 09/02/98 ലെ ഗവ. സർക്കുലർ നമ്പർ 10/98/ധന അനുസരിച്ച് വകുപ്പുതല ശിക്ഷണ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് തീർപ്പ് കൽപ്പിക്കേണ്ടതാണ്.

5) പല ജീവനക്കാരും സഹപ്രവർത്തകരെ ജാമ്യം നിർത്തി സാലറി സർട്ടിഫിക്കറ്റിന്റെ ഈടിൻമേൽ പല സഹകരണ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഒന്നിലധികം വായ്പകൾ കരസ്ഥമാക്കുകയും ആയവ യഥാസമയം തിരിച്ചടയ്ക്കാതെ കുടിശ്ശിക വരുത്തി ജാമ്യക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കിവരുന്ന പ്രവണത കണ്ടു വരുന്നു. ഇത്തരത്തിലുള്ള ജീവനക്കാരെ തിരിച്ച

റിഞ്ഞ് അവരുടെ പേരിൽ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീക
രിക്കേണ്ടതാണ്.

6)സംസ്ഥാന സർവീസിലെ ഗസറ്റഡ് ഉദ്യോഗസ്ഥർ ധനകാര്യ സ്ഥാപനങ്ങളിൽ ജാമ്യം നിൽക്കുന്നതിന് സാലറി സർട്ടിഫിക്കറ്റ് വേണ്ടവർ അവരവർ ശംബളം കൈപ്പറ്റുന്ന ട്രഷറികളിൽ നിന്നും മേലൊപ്പിട്ടു വാങ്ങേണ്ടതാണ്.

ഈ സർക്കുലർ എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തി കൈയ്യൊപ്പു വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഒപ്പ്

**സംസ്ഥാന പോലീസ് മേധാവി**

ലിസ്റ്റ് ബി യിലെ എല്ലാ ഓഫീസർമാർക്കും

പകർപ്പ്; മാനേജർ, / എ ഒ/എല്ലാ എസ് എസ്/ ജെ എസ് മാർക്കും

പി എച്ച് ക്യു വിലെ എല്ലാ ഓഫീസർ മാരുടെ സി എമാർക്കും

//അംഗീകാരത്തോടെ//

21/8/2015

അക്കൗണ്ട്സ് ഓഫീസർ